# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2563    12.03.2018 ൽ മറുപടിക്ക്

### തൃപ്പൂണിത്തുറ മണ്ഡലത്തിലെ പുനർനിർമ്മിക്കേണ്ട പാലങ്ങൾ

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പാലങ്ങളുടെ ബലക്ഷയത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) പഠനം നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ആകെ എത്ര പാലങ്ങൾ പരിശോധിച്ചെന്നും അതിൽ മോശം അവസ്ഥയിലുള്ളവ എത്രയെന്നും അറിയിക്കുമോ; | (ബി) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പരിശോധന നടത്തിയ 2445 പാലങ്ങളിൽ 162 പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതാണെന്നും, 208 പാലങ്ങൾ പുന:പരിശോധനയ്ക്ക് ശേഷം പുനർനിർമ്മാണമോ പുനരുദ്ധീകരണമോ (ഹെവി മെയിന്റനൻസ്) ആവശ്യമുള്ളതാണെന്നും കണ്ടെത്തിയിട്ടുണ്ട്. |
| (സി) ഇതിൽ തൃപ്പൂണിത്തുറ മണ്ഡലത്തിലെ എത്ര പാലങ്ങൾ പരിശോധിച്ചു എന്ന് അറിയിക്കുമോ; | (സി) 10 എണ്ണം. |
| (ഡി) അവയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) 2 പാലങ്ങൾ അടിയന്തരമായി പുനർ നിർമ്മിക്കേണ്ടതുണ്ട്. |
| (ഇ) ഇവയിൽ അടിയന്തരമായി പുനർനിർമ്മിക്കേണ്ട പാലങ്ങൾ ഏതെല്ലാം എന്ന് അറിയിക്കുമോ | (ഇ) ഇരുമ്പുപാലം, കലയത്തൊട്ടിൽ പാലം |

| | |
|---|---|
| (എഫ്) ഇവയുടെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ? | (എഫ്) ഇരുമ്പ് പാലത്തിന്റെ മണ്ണ് പരിശോധനയ്ക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കലയത്തൊട്ടിൽ പാലത്തിന്റെ മണ്ണ് പരിശോധന പുരോഗമിക്കുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ